# കേരള സർവകലാശാല

നം.പി.ആർ.13/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### വൈവാ വോസി

2019 നവംബറിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് (വിദൂര വിദ്യാഭ്യാസം- 2017 അഡ്മിഷൻ ) പരീക്ഷയുടെ വൈവാ വോസി ജനുവരി 23ന് കാര്യവട്ടം എസ്.ഡി.ഇ സെൻററിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ ഇംഗ്ലീഷ് (2017 അഡ്മിഷൻ - വിദൂരവിദ്യാഭ്യാസം) പരീക്ഷയുടെ വൈവാ വോസി 2020 ജനുവരി 24 മുതൽ 31 വരെ വിദൂര വിദ്യാഭ്യാസ കേന്ദ്രം, കാര്യവട്ടം ക്യാമ്പസിൽ നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ. ഫോൺ :0471-2386442

### ടൈംടേബിൾ

മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് മേഴ്സി ചാൻസ് (2011 സ്കീം) പരീക്ഷകൾ ജനുവരി 27 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാ ഫലം

2020 ജനുവരി 7 ന് യു.ഐ.എം വാടയ്ക്കലിൽ നടന്ന സ്പെഷ്യൽ റീ എക്സാമിനേഷൻ ഉൾപ്പെടെയുള്ള മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം - ഫുൾ ടൈം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

### പരീക്ഷാ ഫീസ്

2020 ഫെബ്രുവരി 14 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ 2020 ജനുവരി 24 വരെയും 150 രൂപ പിഴയോടെ ജനുവരി 28 വരെയും 400 രൂപ പിഴയോടെ ജനുവരി 30 വരെയും അപേക്ഷിക്കാം .വിശദവിവരം വെബ്സൈറ്റിൽ.

2020 മാർച്ച് 16 ന് ആരംഭിക്കുന്ന ഒന്നാംവർഷ ബി.എഫ്.എ, 2020 മാർച്ച് 2 ന് ആരംഭിക്കുന്ന നാലാം വർഷ ബി.എഫ്.എ ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ 2020 ഫെബ്രുവരി 4 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 7 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 11 വരെയും അപേക്ഷിക്കാവുന്നതാണ്.

2019 ഓഗസ്റ്റ് മാസം നടത്തിയ രണ്ടാം വർഷ ബി.എ/ ബി.എ അഫ്സൽ-ഉൽ-ഉലമ (ആനുവൽ സ്കീം റെഗുലർ & സപ്ലിമെന്ററി ) പാർട്ട് ഒന്നും രണ്ടും പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈൻ വിദ്യാർഥികൾ ഓൺലൈനായി 2020 ജനുവരി 30 വരെയും ഓഫ്ലൈൻ വിദ്യാർത്ഥികൾ ഫീസടച്ച് നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ 2020 ഫെബ്രുവരി 10 വരെയും അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. തോറ്റ വിദ്യാർത്ഥികൾ സെപ്റ്റംബർ 2019 ലെ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ 2020 ജനുവരി 27 വരെയും 150 രൂപ പിഴയോടെ ജനുവരി 30 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 1 വരെയും അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി 20 മുതൽ ആരംഭിക്കുന്നതാണ്.

## ഇൻറർവ്യൂ മാറ്റി

സർവ്വകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവും (CACEE) ചൈൽഡ് ഡെവലപ്മെന്റ് സെൻററും (CDC) ചേർന്നു നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് റിസർച്ച് (P.G.D.H.S.) കോഴ്സിന്റെ 2020 ജനുവരി 21ന് (ചൊവ്വാഴ്ച ) നടത്താനിരുന്ന ഇൻറർവ്യൂ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## ത്രിദിന അന്തർദേശീയ സെമിനാർ

.

"വാണിജ്യ മാതൃകകൾ - സർക്കാർ കടങ്ങളും വാണിജ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സുകളും" എന്ന വിഷയത്തെ അധികരിച്ചുകൊണ്ട് സർവകലാശാല വാണിജ്യ വിഭാഗം 2020 ജനുവരി 20 മുതൽ 22 വരെ ത്രിദിന അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുന്നു .ജനുവരി 20 ന് പാളയം സർവകലാശാല സെനറ്റ് ഹാളിൽ പ്രൊഫ. ഗിൽഹേം ഫാബ്രെയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.വി.പി മഹാദേവൻ പിള്ള ഉച്ചയ്ക്ക് 2 മണിക്ക് ഉദ്ഘാടനം നിർവഹിക്കും. അഞ്ചു സെഷനിലായി നടക്കുന്ന സെമിനാറിൽ പ്രൊഫ.എം.ബി.ശുക്ല, പ്രൊഫ.എം തേൻമൊഴി, കാതറിൻ സി.എസ്. പോ, ഡോ.പി.രാമകൃഷ്ണൻ, ഡോ.കെ.ജെ ജോസഫ്, ഡോ.എസ്.കെവിൻ, ഡോ ഡി. ഭാനുശ്രീ റെഡ്ഡി, ഡോ.ലീന ജെയിംസ്, ഡോ. എം. ഇളങ്കോവൻ, ഡോ. നാഗരാജ നായിഡു, ഡോ. നദിയ ഷാ എന്നീ പ്രമുഖർ പങ്കെടുക്കും.



പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.

18.01.2020